manoramaonline.com

# അമൃതയുടെ എ–വ്യൂ സ്കൂളുകളിൽ: മഹാരാഷ്ട്രയിൽ പദ്ധതിക്ക് തുടക്കമായി

സ്വന്തം ലേഖകൻ

Story Dated: Monday, January 7, 2013 14:9 hrs IST



അമൃത സർവകലാശാലയുടെ ഇ–ലേണിങ് പദ്ധതിയായ എ–വ്യൂ ഔദ്യോഗികമായി മഹാരാഷ്ട്രയിലെ സ്കൂളുകളിൽ തുടങ്ങി. മുൻ യുജിസി ചെയർമാൻ ഡോ. അരുൺ നിഗ്വേകർ ജനുവരി 4ന് പുനെയിലെ നിഗിടി അമൃത വിദ്യാലയം സ്കൂളിൽ പദ്ധതി ഉദ്ഘാടനം ചെയ്തു. മാതാ അമൃതാനന്ദമയി ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

മഹാരാഷ്ട്രയിലെ 15 ജില്ലകളിൽ നിന്ന്  5,000 ത്തിലധികം സ്കൂൾ വിദ്യാർഥികളും അധ്യാപകരും എ–വ്യൂ വഴി ഓൺലൈൻ ആയി ചടങ്ങിൽ പങ്കെടുത്തു. വിദ്യാഭ്യാസ നിലവാരം കൂട്ടാൻ എ–വ്യൂ ഡിജിറ്റൽ ക്യാമ്പസ് സംവിധാനവുമായി ബന്ധിപ്പിക്കുമെന്ന് മഹാരാഷ്ട്ര വിദ്യാഭ്യാസ സൊസൈറ്റി പ്രസിഡന്റ് ഡോ രവീന്ദ്ര വഞ്ഞർവട്കർ പറഞ്ഞു. 2,000–ലധികം സർവകലാശാലകളിലും കോളജകളിലും എ–വ്യൂ നടപ്പിലാക്കിയശേഷമാണ്, ഇപ്പോൾ സ്കൂളുകളിൽ ലഭ്യമാക്കുന്നത്.

പ്രശസ്ത കംപ്യൂട്ടർ ശാസ്ത്രജ്ഞനും ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കംപ്യൂട്ടറായ പരമിന്റെ ശിൽപിയുമായ ഡോ വിജയ് ഭട്കർ, സിഡാക് എക്സിക്യൂട്ടിവ് ഡയറക്ടർ ഡോ. ഹേമന്ത് ദർബാരി, മഹാരാഷ്ട്ര പ്രാദേശിക വികസന ഡപ്യൂട്ടി കമ്മിഷണർ ഇന്ദ്രജിത്ത് ദേശ്മുഖ്, പൂനെ നഗരസഭാകേന്ദ്രം വിദ്യാഭ്യാസ ഓഫീസർ പുഷ്പലത പവാർ,  മഹാരാഷ്ട്രയിലെ എ–വ്യൂ കോർഡിനേറ്റർ സന്തോഷ് തൽഗാട്ടി എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

രാജ്യത്തെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐഐടി ബോംബെ, ഐടി ഹൈദരാബാദ്, മുംബൈ സർവകലാശാല, ജെഎൻടിയു ഹൈദരാബാദ് തുടങ്ങിയവ എ–വ്യൂ ഓൺലൈൻ ക്ലാസ്സുകൾക്കും ശിൽപശാലകൾക്കും സെമിനാറുകൾക്കും ഉപയോഗിക്കുണ്ട്.